# കേരള സർവകലാശാല

നം.പി.ആർ.186/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

സംസ്ഥാനം അഭിമുഖീകരിക്കുന്ന മഴക്കെടുതി മൂലം കേരള സർവ്വകലാശാല ഓഗസ്റ്റ് 23 വരെ നടത്താനിരുന്ന എല്ലാ ബിരുദ പരീക്ഷകളും മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

### ഓണം അവധി

കേരള സർവ്വകലാശാലയുടെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഓണം അവധി ഓഗസ്റ്റ് 18 മുതൽ 28 വരെയായി പുനഃക്രമീകരിച്ചിരിക്കുന്നു.

### ശില്പശാല മാറ്റി

ദേശീയ ഗണിതശാസ്ത്രദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് 18 ന് സർവകലാശാല ഗണിതശാസ്ത്രവിഭാഗവും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയവും സംയുക്തമായി നടത്താനിരുന്ന ഏകദിന ശില്പശാല ചില സാങ്കേതിക കാരണങ്ങളാൽ മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### ക്ലാസുകൾ ഇല്ല

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം (CACEE) നടത്തുന്ന കോഴ്സുകൾക്ക് ആഗസ്റ്റ് 18, 19 തീയതികളിൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല.

### ത്രിദിന അന്തർ ദേശീയ കോൺഫറൻസ്

സാമ്പത്തിക ശാസ്ത്ര പഠന വകുപ്പിന്റെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടെർനേറ്റീവ് ഇക്കണോമിക്സ് (IUCAE), പാരിസ്ഥിതിക സാമ്പത്തിക സാമൂഹിക വിഷയങ്ങളെ ആസ്പദമാക്കി പാളയം സെനറ്റ് ചേംബറിൽ സംഘടിപ്പിച്ച അന്തർദേശീയ കോൺഫറൻസ് പ്രൊഫ.പ്രഭാത് പട്നായിക് ഉദ്ഘാടനം ചെയ്തു. സർവകലാശാല വൈസ് ചാൻസിലർ ഇൻ ചാർജ് ഡോ.സി.ഗണേഷ്, ഐ.യു.സി.എ.ഇ ഡയറക്ടറും പഠനവകുപ്പിന്റെ മേധാവിയുമായ പ്രൊഫ.അബ്ദുൾ സലീം, പത്മശ്രീ.എം.ചന്ദ്രദത്തൻ (മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ്), സർവകലാശാല രജിസ്ട്രാർ ഡോ.ജയചന്ദ്രൻ ആർ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ഉദ്ഘാടന കർമം. ഡോ.മനു.വി.മത്തായി, പ്രൊഫ.കെ.എൻ നൈനാൻ, പ്രൊഫ.പ്രണവ് മുഖോപാദ്യായ് എന്നിവർ 'സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക സുസ്ഥിരത,' 'പാരിസ്ഥിതിക സുസ്ഥിരതയും പൊതുനയവും', 'പാരിസ്ഥിതിക സുസ്ഥിരതയുടെ മൂല്യനിർണ്ണയം' തുടങ്ങിയ വിഷയങ്ങിൽ പ്രഭാഷണം നടത്തി.

## കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2018
## സാൻതോം മലങ്കര ആർട്സ് ആന്റ് സയൻസ് കോളേജ്, ഇടഞ്ഞി, പാറശ്ശാല
## (എയ്ഡഡ്) പുതിയ കോളേജിലേയ്ക്ക് പ്രവേശനം 18.08.2018–ന്

കേരള സർവകലാശാല പുതുതായി അഫിലിയേഷൻ നൽകിയ എയ്ഡഡ് കോളേജായ പാറശ്ശാല, ഇടഞ്ഞി സാൻതോം മലങ്കര ആർട്സ് ആന്റ് സയൻസ് കോളേജിലെ ബി.എസ്.സി. കെമിസ്ട്രി, ബി.എ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ, ബി.കോം ഫിനാൻസ് എന്നീ കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആഗസ്റ്റ് 18–ാം തീയതി രാവിലെ 9.00 മണിയ്ക്ക് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരാകേണ്ടതാണ്. . രാവിലെ 11 മണി വരെ ഹാജരാകുന്നവരെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളു.

നിലവിൽ മറ്റ് ഏതെങ്കിലും കോളേജിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ സ്പോട്ട് അഡ്മിഷനിൽ സീറ്റ് ഉറപ്പായ ശേഷം മാത്രമേ ടി.സി. വാങ്ങാൻ പാടുള്ളൂ.

എസ്.സി/എസ്.ടി സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് 840/– രൂപയും ജനറൽ, മറ്റു സംവരണ വിഭാഗത്തിന് 1525/– രൂപയുമാണ് സർവകലാശാല ഫീസ്

പുതുതായി രജിസ്റ്റർ ചെയ്യുന്നവർ രജിസ്ട്രേഷൻ ഫീസായ 350/– രൂപ (എസ്.സി/എസ്.ടി വിഭാഗം 150/– രൂപ) അടയ്ക്കണം.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
16.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098